പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ 582 | 6.3.2012 ൽ<br>മറുപടിയ്ക്ക് |

## സ്മാർട്ട്സിറ്റി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ. അസീസ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ട ശേഷം സ്മാർട്ട് സിറ്റി പ്രവർത്തന ക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>(ബി) എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) <br><br>സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട 246 ഏക്കർ സ്ഥലത്തിൽ 1.3.2011 ൽ കാക്കനാട് വില്ലേജിൽ ഇടച്ചിറയിലെ 131.41 ഏക്കറിന് സെസ്സ് പദവി നൽകിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സ്മാർട്ട്സിറ്റി പദ്ധതിക്കായുള്ള മുഴുവൻ സ്ഥലവും ഒറ്റ സെസ്സ് ആയി അംഗീകാരം ലഭിക്കുന്നതിന് വേണ്ട അപേക്ഷ കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുടെ കീഴിലുള്ള SEZ Board of approval പരിഗണിക്കുകയും അംഗീകാരം നല്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. KSEB യിൽ നിന്ന് സ്മാർട്ട് സിറ്റിക്ക് കൈമാറിയ ബ്രഹ്മപുരത്തെ സ്ഥലത്ത് ഒരു Sales Pavilion ന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. സ്മാർട്ട്സിറ്റി പദ്ധതിയുടെ വിവരങ്ങൾ ഐ.ടി. കമ്പനികൾക്ക് ലഭ്യമാക്കുന്നതിനുമുള്ള സൗകര്യത്തിന് പുറമെ Administration, Marketing, Project എന്നീ department കളും ഇവിടെ പ്രവർത്തിക്കുന്നതാണ്. Framework Agreement പ്രകാരം സംസ്ഥാന സർക്കാരിന്റെ ചുമതലകളിൽപ്പെട്ട 10 MW Power, Link road, LAR cases settlement തുടങ്ങിയ ആവശ്യങ്ങൾക്കായി 10 കോടി രൂപ 2011-12 ലെ Budget ൽ വകയിരുത്തിയിട്ടുണ്ട്.<br><br>ഐ.ടി., ഐ.ടി.ഇ.എസ്. പദ്ധതികൾക്ക് പുറമേ സോഫ്റ്റ്‌വെയർ ഡവലപ്മെന്റിന് ഉതകുന്ന തരത്തിൽ ഇവിടെ ലഭ്യമായ manpower നെ പരിശീലിപ്പിക്കുന്നതിന് വേണ്ടി സ്മാർട്ട്സിറ്റി സംസ്ഥാന തൊഴിൽ വകുപ്പുമായി ചേർന്ന് പ്രത്യേക പരിശീലന പദ്ധതി തയ്യാറാക്കാൻ വേണ്ടി ലോകോത്തര നിലവാരമുള്ള ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുവാൻ ഉദ്ദേശിക്കുന്നു. National Skill Development Council, മറ്റ് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി സ്മാർട്ട് സിറ്റി ഇതിനുവേണ്ടി കൂട്ടുചേരുന്നതാണ്. |

സെക്ഷൻ ഓഫീസർ